<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925</u>** **<u>11-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും കീഴിലുള്ള സ്റ്റേഡിയങ്ങളുടെ മെയിന്റനൻസിനും പരിപാലനത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്.കെ.എഫ്.) നിലവിൽ എന്തൊക്കെ ചുമതലകളാണ് നിർവ്വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം, കായികവകുപ്പിന്റെ അധീനതയിലുള്ള സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം, കിഫ്ബി അംഗീകൃത സ്പോർട്സ് പ്രോജക്ടുകൾ തുടങ്ങിയ പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നിർവ്വഹിച്ചു വരുന്നു. കായികവകുപ്പ് നിർമ്മിക്കുന്ന വിവിധ അടിസ്ഥാന സൗകര്യങ്ങളുടെ നടത്തിപ്പും പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഉത്തരവാദിത്തമാണ്.<br><br>സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തി വന്നിരുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ചുമതലയിൽ ഉൾപ്പെടുന്നു . |
| (ബി) | എസ്.കെ.എഫ്. ഏറ്റെടുത്ത് അറ്റകുറ്റപ്പണിയും നടത്തിപ്പും നിർവ്വഹിച്ചുവരുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് അറിയിക്കുമോ; | (ബി) | കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാഡമി, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കിയ കാസർഗോഡ് നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ പരിപാലനവും നടത്തിപ്പും, കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് എസ്.കെ.എഫ്. ഏറ്റെടുത്ത് അറ്റകുറ്റപ്പണിയും നടത്തിപ്പും നിർവ്വഹിച്ചു വരുന്നത്. |
| (സി) | സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണിക്കും നടത്തിപ്പിനുമായി നിലവിൽ എത്ര ജീവനക്കാരാണ് എസ്.കെ.എഫ്.- ൽ ജോലി ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ? | (സി) | സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണിക്കും നടത്തിപ്പിനുമായി നിലവിൽ 114 ജീവനക്കാരാണ് എസ്.കെ.എഫ്.- ൽ ജോലി ചെയ്തുവരുന്നത്. തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | തസ്തിക | സ്ഥിരം | കരാർ | ദിവസവേതനം | പാർട്ട് ടൈം | ആകെ |
|---|---|---|---|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | | 1 | | | |
| 2 | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | | 1 | | | |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 3 | | | |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | | 9 | | | |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | | 2 | | | |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ) | | 1 | | | |
| 7 | ആർക്കിടെക്ട് | | 1 | | | |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | | 28 | | | |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | | 3 | | | |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ (ഡിസൈൻ) | | 1 | | | |
| 11 | ഫിനാൻസ് മാനേജർ | | 1 | | | |
| 12 | മാനേജർ (ഓപ്പറേഷൻസ്) | | 1 | | | |
| 13 | പ്രോജക്ട് മാനേജർ | | 1 | | | |
| 14 | ഡിവിഷണൽ അക്കൗണ്ടന്റ് | | 1 | | | |
| 15 | അക്കൗണ്ട്സ് ഓഫീസർ | | 1 | | | |
| 16 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു എം.ഡി. ആന്റ് സി.ഇ.ഒ. | | 1 | | | |
| 17 | അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ (സിവിൽ) | | 1 | | | |
| 18 | അക്കൗണ്ടന്റ് | | 1 | | | |
| 19 | സീനിയർ ക്ലർക്ക് | | 4 | | | |
| 20 | ക്ലർക്ക് | 1 | | | | |
| 21 | ജൂനിയർ സ്പോർട്സ് ഓർഗനൈസർ | 1 | | | | |
| 22 | ക്ലർക്ക് കം ടൈപ്പിസ്റ്റ് | | 1 | | | |
| 23 | ക്ലറിക്കൽ അറ്റൻഡന്റ് | | 1 | | | |
| 24 | ഓഫീസ് അറ്റൻഡന്റ് | | 2 | | | |
| 25 | ടെന്നീസ് ഹെഡ് കോച്ച് | | 1 | | | |
| 26 | ടെന്നീസ് കോച്ച് | | 4 | | | |

| | | | | | | |
|---|---|---|---|---|---|---|
| 27 | ജിം ട്രെയിനർ | | 9 | 2 | | |
| 28 | ഷൂട്ടിംഗ് ട്രെയിനർ | | | 1 | | |
| 29 | വെന്യൂ അസിസ്റ്റന്റ് | | 2 | | | |
| 30 | ഇലക്ട്രിഷ്യൻ | | 1 | 2 | | |
| 31 | ലൈഫ് ഗാർഡ് | | 3 | 1 | | |
| 32 | കെയർ ടേക്കർ | | 1 | 2 | | |
| 33 | ക്ലീനിംഗ് സ്റ്റാഫ് | | 8 | 4 | 5 | |
| | **ആകെ** | **2** | **95** | **12** | **5** | **114** |

സെക്ഷൻ ഓഫീസർ